**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെപ്പറ്റിയുള്ള പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക, സാമൂഹിക സ്ഥിതിയെപ്പറ്റി സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക സാമൂഹിക സ്ഥിതിയെപ്പറ്റി പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ 2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടേയും അടിസ്ഥാന സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ വികസന മേഖലയിലെ വിവരശേഖരണം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ വ്യക്തിപരവും കുടുംബപരവും അവരുടെ ഊരുകൾ അടിസ്ഥാനമാക്കിയും വിശദമായ ഒരു പഠനം (ഇ സർവ്വേ - പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണം) പട്ടികവർഗ്ഗ വികസന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് അനുമതി നൽകിയ 'എ സ്റ്റഡി ഓൺ ദി സോഷ്യോ എക്കണോമിക് സ്റ്റാറ്റസ് ഓഫ് ലെസ്സ് പോപ്പുലേറ്റഡ് ഷെഡ്യൂൾഡ് ട്രൈബ്സ് ഓഫ് കേരള' എന്ന പഠനം വയനാട് കാടർ, തച്ചനാടൻ, മൂപ്പൻ, മലപ്പണിക്കർ, കുടി/മേലെക്കുടി എന്നീ പട്ടികവർഗ്ഗ സമുദായങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടേയും സങ്കേതങ്ങളുടേയും അടിസ്ഥാന വിവര ശേഖരണം പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്ത സംരംഭമായാണ് നടത്തിയത്. കിർടാഡ്സും പഠനം നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (സി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത സർവ്വേയിലെ അടിസ്ഥാന വിവരങ്ങൾ അനുബന്ധം-Iആയി ചേർക്കുന്നു പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പ് ശേഖരിച്ച വിവരങ്ങൾ കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധൻമാരുടെ നേതൃത്വത്തിൽ വിശകലനം ചെയ്തു വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് ഈ പഠനം പ്രസിദ്ധീകരിക്കുന്നതാണ്. കിർത്താഡ്സുമായി ബന്ധപ്പെട്ട പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധം-IIആയി ചേർക്കുന്നു. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ, സാമ്പത്തിക സഹായമായി ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന പദ്ധതികളിൽ തുക സമയബന്ധിതമായി ചെലവഴിച്ച് പൂർണ്ണമായും പുരോഗതി കൈവരിക്കുന്നുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തികൾക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും കണ്ടെത്തുന്ന ഭൂമിയിലെ തർക്കങ്ങളുംമൂലം ഇത്തരം പ്രവൃത്തികൾ അതാത് വർഷം പൂർത്തിയാക്കി തുക ചെലവഴിക്കുന്നതിന് കഴിയാതെ വരാറുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന പ്രത്യേക ഘടകപദ്ധതി വിഹിതം തദ്ദേശം സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിർവ്വഹണം നടത്തി വരുന്നത്. പ്രത്യേക ഘടക പദ്ധതിയിലെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും ആസൂത്രണം വിടവുകൾ കണ്ടെത്തുന്നതിനും ആയത് പരിഹരിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലെ പട്ടികജാതി കുടുംബങ്ങളുടേയും സങ്കേതങ്ങളുടേയും നിജസ്ഥിതി അറിയുന്നതിനായി 2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടേയും ഒരു അടിസ്ഥാന സ്ഥിതി വിവര ശേഖരണം നടത്തുകയുണ്ടായി. 2009-10 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്ത സംരംഭമായിട്ടാണ് അടിസ്ഥാന സർവ്വ നടത്തിയത്. സർവ്വെയിൽ ജനസംഖ്യ, സങ്കേതങ്ങൾ, കൈവശഭൂമി, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, സാമൂഹിക വികസനം എന്നീ മേഖലകൾ ഉൾക്കൊള്ളുന്നുണ്ട്.

2009-10 സാമ്പത്തിക വർഷം കില നടത്തിയ മേൽ സർവ്വെയിലെ അടിസ്ഥാന വിവരങ്ങൾ നിലവിൽ കാലോചിതമായി പുതുക്കേണ്ടതുണ്ട്. ഇതിനായി പട്ടികജാതി കുടുംബങ്ങളുടേയും സങ്കേതങ്ങളുടേയും നിലവിലെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഒരു സമഗ്ര ഡിജിറ്റൽ സർവ്വെയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി കുടുംബങ്ങളുടേയും സങ്കേതങ്ങളുടേയും വിശദാംശങ്ങൾ സംബന്ധിച്ചും സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചുമുള്ള സമഗ്രമായി ഒരു ഡിജിറ്റൽ സർവ്വെ നടത്തുന്നതിന് സർക്കാർ ഉത്തരവ് നൽകിയിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി എസ്.സി. സ്റ്റാർട്ട് അപ് ആയ M/s Mergious IT Solution Pvt. Ltd. നെ ചുമതലപ്പെടുത്തിയിരുന്നു. ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി Software Requirement Specification (SRS), Android and Web Application Sample Screen, Hosting of Android & Web Application സർവ്വെയ്ക്കുള്ള Domain Registration, Pilot Survey, ജില്ലാതല ഉദ്യോഗസ്ഥർക്കും ഫീൽഡ്തല സർവ്വെ നടത്തുന്ന എസ്.സി. പ്രൊമോട്ടർമാർക്കുമുള്ള ഓൺലൈൻ പരിശീലനം എന്നിവ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വെയുടെ ഫീൽഡ്തല പ്രവർത്തനങ്ങൾ സർക്കാർ അനുമതിയോടെ പൂർത്തീകരിക്കുന്നതാണ്.

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് ആസൂത്രണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആരംഭിച്ച ഇ-സർവ്വേ പട്ടികവർഗ്ഗ വികസന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ, പട്ടികവർഗ്ഗ പ്രമോട്ടർമാർ മുഖേന ശേഖരിക്കുന്ന ഈ പ്രക്രിയയിൽ ഓരോ വ്യക്തിയേയും, 198 ഡേറ്റാ ഫീൽഡുള്ള ചോദ്യാവലിയിലൂടെ ഓരോ കുടുംബത്തെയും സംബന്ധിച്ച സമ്പൂർണ്ണ വിവര ശേഖരണം നടത്തിയിട്ടുണ്ട്.. ഇതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വികസിപ്പിച്ച മൊബൈൽ ആപ്പിൽ പ്രമോട്ടർമാർക്ക് പ്രത്യേക പരിശീലനം നൽകി 6507 കോളനികളിൽ 1,47,181 കുടുംബങ്ങളിലായി 5,02,075 പേരുടെ വ്യക്തിഗത വിവരങ്ങൾ നാളിതുവരെ ശേഖരിക്കുകയും ആയതിന്റെ സൂക്ഷ്മതല പരിശോധന പൂർത്തീകരിച്ച് വിവരശേഖരണം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ സംരംഭകത്വ വികസന പദ്ധതിയിലൂടെ സ്ഥാപിച്ച ഒരു സ്ഥാപനമായ മെർജിയോസ് ഐ.റ്റി. സൊല്യൂഷൻ എന്ന സ്റ്റാർട്ടപ് കമ്പനിയുടെ സഹായത്തോടെ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ച് ആയത് ടാബ് ലെറ്റ് ഉപയോഗിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഏറ്റവും താഴെ തട്ടിൽ പ്രവർത്തിച്ചു വരുന്ന പട്ടികവർഗ്ഗക്കാരായ 1182 പ്രമോട്ടർമാരുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗക്കാരുടെ വീടുകൾ സന്ദർശിച്ച്

വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവ 3 തലങ്ങളിലായി പരിശോധന നടത്തി ആധികാരികത ഉറപ്പ് വരുത്തി വകുപ്പ് നേരിട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമായ ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും കണ്ടെത്തുന്ന ഭൂമിയിലുണ്ടാകുന്ന തർക്കങ്ങളും സിവിൽ കേസുകളും, പ്രവൃത്തി അതാത് വർഷം പൂർത്തീകരിക്കുന്നതിന് തടസം സൃഷ്ടിക്കുന്നതിനാൽ ഈ ഇനത്തിൽ നീക്കി വയ്ക്കുന്ന തുക അതാത് വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കുന്നതിന് കഴിയാതെ വരാറുണ്ട്.

## അനുബന്ധം – I

## പട്ടികജാതി സങ്കേതങ്ങളുടെയും, കുടുംബങ്ങളുടെയും അടിസ്ഥാന വിവരശേഖരണം

(2009-10)

### സംക്ഷിപ്ത വിവരങ്ങൾ

| | | | | |
|---|---|---|---|---|
| 1. | സങ്കേതങ്ങൾ | : | 26198 | |
| 2. | 50 കുടുംബങ്ങളിൽ കൂടുതൽ ഉള്ള സങ്കേതങ്ങൾ | : | 416 | 1.59% |
| 3. | കുടുംബങ്ങൾ | : | 5.58 ലക്ഷം | |
| 4. | ജനസംഖ്യ | : | | |
| | (1) പുരുഷന്മാർ | : | 11.49 ലക്ഷം | 48.85% |
| | (2) സ്ത്രീകൾ | : | 12.03 " | 51.15% |
| | ആകെ | | **23.52 "** | **100 %** |
| 5 | ജനസംഖ്യ | : | | |
| | പ്രായാടിസ്ഥാനത്തിൽ | : | | |
| | (1) 0-5 വയസ് | : | 1.69 ലക്ഷം | 7.18% |
| | (2) 6-21 | : | 5.88 " | 25 |
| | (3) 22-29 | : | 13.60 " | 57.82 |
| | (4) 60 വയസിൽ കൂടുതൽ | : | 2.35 " | 10% |
| | ആകെ | | **23.52 "** | **100 %** |
| 6 | പട്ടികജാതിക്കാരുടെ കൈവശ ഭൂമി | : | 59375 ഏക്കർ | |
| 7 | സങ്കേതങ്ങളിലെ പട്ടികജാതിക്കാരുടെ കൈവശ ഭൂമി | : | 36085 " | |
| 8 | സങ്കേതങ്ങളിലെ ഭൂവിനിയോഗം | : | ഏക്കർ | ശതമാനം |
| | 1) വീട് സ്ഥിതി ചെയ്യുന്ന പ്രദേശം | : | 9289 | 26 |
| | 2) കൃഷി ചെയ്യുന്ന പ്രദേശം | : | 16300 | 45 |
| | 3) മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് | : | 4077 | 11 |
| | 4) തരിശ് | : | 5113 | 14 |
| | 5) ഉപയോഗ്യയോഗ്യമല്ലാത്ത ഭൂമി | : | 1281 | 4 |
| | ആകെ | | **36085** | **100** |
| 9 | സങ്കേതത്തിൽ ഭൂമി കൈവശമാക്കിയ രീതി | : | ഏക്കർ | ശതമാനം |
| | 1) സർക്കാർ കുടിയിരുത്തിയത് | : | 1722 | 4.77 |
| | 2) കുടികിടപ്പ് അവകാശം ലഭിച്ചത് | : | 1878 | 5.20 |
| | 3) മിച്ചഭൂമി പതിച്ചുകിട്ടിയത് | : | 888 | 2.46 |
| | 4) റവന്യൂ പുറമ്പോക്ക് | : | 413 | 1.14 |
| | 5) തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിയിരുത്തിയത് | : | 631 | 1.75 |
| | 6) വിലയ്ക്കു വാങ്ങിയത് | : | | |
| | (i) പട്ടികജാതി വികസന വകുപ്പ് | : | 333 | 0.92 |
| | (ii) പട്ടികജാതി വർഗ്ഗ കോർപ്പറേഷൻ | : | 23 | 0.06 |
| | (iii) തദ്ദേശ ഭരണ സ്ഥാപനങ്ങൾ | : | 559 | 1.55 |
| | 7) സ്വന്തമായി നേടിയത്/പാരമ്പര്യമായി ലഭിച്ചത് | : | 29343 | 81.51 |
| | 8) കയ്യേറ്റഭൂമി | : | 213 | 0.59 |
| | 9) മറ്റ് തരത്തിലുള്ള ഭൂമി | : | 18 | 0.05 |

| | | | | |
|---|---|---|---|---|
| | ആകെ | : | **36085** | **100** |
| 10 | മണ്ണ് ജലസംരക്ഷണ പദ്ധതിയുടെ ആവശ്യം | | | |
| ക്രമ നം. | പ്രവർത്തികൾ | ആവശ്യമുള്ള പ്രദേശം (ഏക്കർ) | | |
| (1) | (2) | (3) | | |
| | 1) മണ്ണ് കയ്യാല | : | 8157 | |
| | 2) കല്ലടുക്ക് | : | 8354 | |
| | 3) സംരക്ഷണഭിത്തി | : | 10056 | |
| | 4) മണ്ണിട്ട് നിക ത്തൽ | : | 3320 | |
| | 5) ജലനിർഗമനം | : | 2730 | |
| | 6) ഓട/സ്ലാബ് | : | 761 | |
| | 7) മറ്റ് ഉപാധികൾ | : | 1660 | |
| 11 | ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ | | 25408 | 4.55% |
| 12 | ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾ | | 15984 | 2.86% |
| | ആകെ | : | **41392** | **7.41%** |
| 13 | സങ്കേതങ്ങളിലെ താമസയോഗ്യമല്ലാത്ത വീടുകൾ | : | 45959 | 100% |
| | 1. അറ്റകുറ്റപ്പണി നടത്താവുന്ന വീടുകൾ | : | 26458 | 58% |
| | 2. അറ്റകുറ്റപ്പണി നടത്താൻ കഴിയുന്ന വീടുകൾ | : | 19501 | 42% |
| 14 | ഒരു മുറി മാത്രമുള്ള വീടുകൾ | | | |
| | 1. 40 ച.മീ.-ൽ കുറവ് തറ വസ്തൃതി | : | 78590 | 63% |
| | 2. 40 ച.മീ.-ൽ കൂടുതൽ തറ വസ്തൃതി | : | 45281 | 37% |
| | ആകെ | : | 123871 | 100 |
| 15 | ഒന്നിൽ കൂടുതൽ മുറികളുള്ള വീടുകൾ | | | |
| | 1. 40 ച.മീ.-ൽ കുറവ് തറ വസ്തൃതി | : | 132378 | 35% |
| | 2. 40 ച.മീ.-ൽ കൂടുതൽ തറ വസ്തൃതി | : | 239635 | 65% |
| | ആകെ | | 372013 | 100% |
| 16 | നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ | : | 67911 | |
| 17 | ശുചിത്വ സൗകര്യങ്ങൾ - ആകെ കുടുംബങ്ങൾ | | 558231 | 100% |
| | 1) ഉപയോഗമില്ലാത്ത കക്കൂസ് ഉള്ള വീടുകൾ | : | 62645 | 11% |
| | 2) കക്കൂസ് ഇല്ലാത്ത വീടുകൾ | : | 68685 | 12% |
| | 3) കക്കൂസ് നിർമ്മിക്കുവാൻ സ്ഥലം ഉള്ള വീടുകൾ | : | 14136 | 3% |
| | 4) കക്കൂസ് നിർമ്മിക്കുവാൻ സ്ഥലം ഇല്ലാത്ത വീടുകൾ | : | 1253 | - |
| | 5) പൊതുകക്കൂസ് ഉപയോഗിക്കുന്ന കുടുംബങ്ങൾ | : | 943 | - |
| 18 | കുടിവെള്ള ലഭ്യത | ലക്ഷം കുടുംബങ്ങൾ | | |
| | 1) കുടിവെള്ളം ആവശ്യത്തിന് ലഭിക്കുന്ന കുടുംബങ്ങൾ | | 2.59 | 56% |
| | 2) ആറു മാസത്തിൽ കൂടുതൽ ലഭിക്കുന്ന കുടുംബങ്ങൾ | : | 1.43 | 26% |
| | 3) ആറു മാസത്തിൽ കുറവ് ലഭിക്കുന്ന കുടുംബങ്ങൾ | : | 1.50 | 27% |
| | 4) ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ | : | 0.06 | 1% |
| 19 | പൈപ്പ് വെള്ളത്തിന്റെ ലഭ്യത | | | |
| | പൈപ്പ് കണക്ഷൻ ഉള്ള കുടുംബങ്ങൾ | : | 1.39 | 25% |
| | 2. ആവശ്യത്തിന് പൈപ്പ് വെള്ളം ലഭിക്കുന്ന കുടുംബങ്ങൾ | : | 0.60 | 43% |

| | | | | |
|---|---|---|---|---|
| | 3. ആറു മാസത്തിൽ കൂടുതൽ ലഭിക്കുന്ന കുടുംബങ്ങൾ | : | 0.34 | 25% |
| | 4. ആറു മാസത്തിൽ കുറവ് ലഭിക്കുന്ന കുടുംബങ്ങൾ | : | 0.44 | 31% |
| | 5. ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ | : | 0.01 | 1% |
| 20 | സങ്കേതങ്ങളിൽ വൈദ്യുതി ലഭ്യത | : | | |
| | 1) വൈദ്യുതീകരിക്കാത്ത സങ്കേതങ്ങൾ | : | 2262 | 8.63% |
| | 2) വൈദ്യുതീകരിച്ച സങ്കേതങ്ങൾ | : | 23936 | 91.37% |
| | 3) തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത സങ്കേതങ്ങൾ | : | 8565 | - |
| | 4) പ്രകാശിക്കാത്ത തെരുവുവിളക്കുകൾ ഉള്ള സങ്കേതങ്ങൾ | : | 4953 | - |
| 21 | വീടുകളിൽ വൈദ്യുതി ലഭ്യത | | ലക്ഷം വീടുകൾ | |
| | 1) വൈദ്യുതീകരിക്കാത്ത വീടുകൾ | : | 0.88 | 16% |
| | 2) വൈദ്യുതീകരിച്ച വീടുകൾ | : | 4.70 | 84% |
| 22 | 15-59 വയസ് പ്രായമുള്ളവരുടെ തൊഴിൽ | : | ലക്ഷം | |
| | 1) ജനസംഖ്യയിൽ 15-59 വയസ് പ്രായമുള്ളവർ | : | 16.19 | 69% |
| | 2) 15-59 വയസ് പ്രായമുള്ളവരിൽ തൊഴിൽ ചെയ്യുന്നവർ | : | 8.30 | 51% |
| | 3) 15-59 വയസ് പ്രായമുള്ളവരുടെ തൊഴിൽ ഘടന | : | | |
| | 1) സ്ഥിരം തൊഴിൽ | : | 0.51 | 6.14% |
| | 2) താൽക്കാലിക തൊഴിൽ | : | 0.48 | 5.78% |
| | 3) സ്വയം തൊഴിൽ | : | 0.30 | 3.61% |
| | 4) കൂലിപ്പണി-കാർഷികേതര മേഖല | : | 1.30 | 15.66% |
| | 5) കൂലിപ്പണി-കൃഷിയും അനുബന്ധ മേഖലകളും | : | 5.21 | 62.77% |
| | 6) മറ്റു തൊഴിലുകൾ | : | 0.50 | 6.04% |
| | ആകെ | : | 8.30 | 100% |
| 23 | 1) 15-59 വയസ് പ്രായമുള്ള തൊഴിൽ രഹിതർ | : | 7.65 | 47% |
| | 2) തൊഴിൽ രഹിതരുടെ വിദ്യാഭ്യാസം | : | | |
| | 1) നിരക്ഷരരും നവസാക്ഷരരും | : | 0.37 | 4.83% |
| | 2) ഹൈസ്കൂൾ വിദ്യാഭ്യാസം | : | 4.15 | 54.24% |
| | 3) എസ്.എസ്.എൽ.സി ജയിച്ചവർ | : | 1.65 | 21.57% |
| | 4) പ്ലസ് ടു ജയിച്ചവർ | : | 0.98 | 12.81% |
| | 5) ബിരുദവും ബിരുദാനന്തര ബിരുദവും | : | 0.38 | 4.97% |
| | 6) എഞ്ചിനീയറിംഗ് മെഡിക്കൽ ബിരുദങ്ങൾ | : | 0.01 | 0.13% |
| | 7) ഡിപ്ലോമ/സർട്ടിഫിക്കറ്റ് | : | - | - |
| | 8) മറ്റ് യോഗ്യതകൾ | : | 0.11 | 1.45 |
| | ആകെ | : | 7.65 | 100% |
| 24 | വിദ്യാഭ്യാസ നിലവാരം (5 വയസിന് മുകളിൽ പ്രായമുള്ളവർ) | : | | |
| | 1) നിരക്ഷരരും നവസാക്ഷരരും | : | 2.46 | 11.48% |
| | 2) സെക്കന്ററിവരെ | : | 13.88 | 64.77% |
| | 3) എസ്.എസ്.എൽ.സി ജയിച്ചവർ | : | 2.88 | 13.44% |
| | 4) ഹയർ സെക്കന്ററി ജയിച്ചവർ | : | 1.39 | 6.49% |

| | | | | |
|---|---|---|---|---|
| | 5) ബിരുദവും ബിരുദാനന്തര ബിരുദവും | : | 0.60 | 2.80% |
| | 6) എഞ്ചിനീയറിംഗ് മെഡിക്കൽ ബിരുദങ്ങൾ | : | 0.02 | 0.09% |
| | 7) ഡിപ്ലോമ/സർട്ടിഫിക്കറ്റ് മറ്റ് കോഴ്സുകൾ | : | 0.20 | 0.93% |
| | ആകെ | : | 21.43 | 100% |
| | കുറിപ്പ് * | | | |
| | എഞ്ചിനീയറിംഗ് ബിരുദധാരികൾ : 1306 | | | |
| | മെഡിക്കൽ ബിരുദധാരികൾ : 353 | | | |
| 25 | വിദ്യാർത്ഥികൾ | | | |

| ക്രമ നം. | ക്ലാസ്സ്/കോഴ്സ് | | വിദ്യാർത്ഥികൾ (ലക്ഷം) | ശതമാനം |
|---|---|---|---|---|
| (1) | (2) | : | (3) | (4) |
| 1. | 7-ാം സ്റ്റാൻഡേർഡ് വരെ | : | 2.63 | 55.25 |
| 2. | ഹൈസ്കൂൾ തലം | : | 1.12 | 23.53 |
| 3. | ഹയർ സെക്കന്ററി | : | 0.50 | 10.50 |
| 4. | ബിരുദവും ബിരുദാനന്തര ബിരുദവും | : | 0.30 | 6.30 |
| 5. | ഡിപ്ലോമ/സർട്ടിഫിക്കറ്റ്/ഐ.റ്റി.ഐ/ഐ.റ്റി.സി | : | 0.19 | 3.99 |
| 6. | ബിടെക്, എം.ബി.ബി.എസ്, ബി.ഐ.എം.എസ്, ബിഎച്ച്എം.എസ്. | : | 0.02* | 0.42 |
| | ആകെ | : | 4.76 | 100 |
| | കുറിപ്പ് * | | എണ്ണം | |
| | ബി.ടെക് | : | 1968 | |
| | എം.ബി.ബി.എസ്, | : | 212 | |
| | ബി.എ.എം.എസ് | : | 34 | |
| | ബിഎച്ച്.എം.എസ്. | : | 12 | |
| 26 | വിദ്യാഭ്യാസം ഉപേക്ഷിച്ചവർ | | | |

| ക്രമ നം. | ക്ലാസ്സ്/കോഴ്സ്/തലം | | വിദ്യാഭ്യാസം ഉപേക്ഷിച്ചവർ | ശതമാനം |
|---|---|---|---|---|
| (1) | (2) | : | (3) | (4) |
| | 1. 7-ാം സ്റ്റാൻഡേർഡ് വരെ | : | 38143 | 68.95 |
| | 2. എസ്.എസ്.എൽ.സി വരെ | : | 11861 | 21.44 |
| | 3. ബിരുദവും ബിരുദാനന്തര ബിരുദവും | : | 4051 | 7.32 |
| | 4. ഡിപ്ലോമ/സർട്ടിഫിക്കറ്റ്/ഐ.റ്റി.ഐ/ഐ.റ്റി.സി | : | 1127 | 2.04 |
| | 5. ബി.ടെക് | : | 129 | 0.23 |
| | 6. എം.ബി.ബി.എസ്, | : | 7 | 0.02 |
| | ആകെ | : | 55318 | 100 |
| 27 | 5-15 വയസ് പ്രായത്തിലെ കുട്ടികളിൽ സ്കൂളിൽ പോകാത്തവർ | : | | |
| | 1. സ്കൂളിൽ ചേർന്നിട്ടില്ലാത്തവർ | : | 3242 | - |
| | 2. സ്കൂളിൽ ചേർന്നിട്ട് പഠിത്തം നിർത്തിയവർ | : | 1135 | - |
| | ആകെ | : | 4377 | - |
| 28 | വിദ്യാർത്ഥികളുടെ താമസം | | | |

| ക്രമ നം. | താമസം | | വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|
| (1) | (2) | : | (3) | (4) |
| | 1. വീട്ടിൽ നിന്ന് പോയി വരുന്നവർ | : | 464326 | 97.61 |
| | 2. ഹോസ്റ്റലുകളിൽ താമസിക്കുന്നവർ | : | 9954 | 2.09 |
| | 3. ബന്ധുവീടുകളിൽ താമസിക്കുന്നവർ | : | 825 | 0.17 |
| | 4. മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തിയവർ | : | 584 | 0.13 |
| | ആകെ | : | 475689 | 100 |

29 സങ്കേതങ്ങളും ആരോഗ്യ പരിചരണ സ്ഥാപനങ്ങളും

| ക്രമ നം. | ആരോഗ്യ സ്ഥാപനങ്ങൾ | | ദൂരത്തിന്റെ അടിസ്ഥാനത്തിൽ സങ്കേതങ്ങൾ | | | |
|---|---|---|---|---|---|---|
| | | | 5 കി.മീ. വരെ | 5-25 കി.മീ. | 25 കി.മീ. കൂടുതൽ | |
| | 1. പ്രൈമറി ഹെൽത്ത് സെന്റർ | : | 17359 | 5231 | 3428 | 26198 |
| | 2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | : | 9796 | 6971 | 9431 | 26198 |
| | 3. താലൂക്ക് ആശുപത്രി | : | 2556 | 16601 | 7041 | 26198 |
| | 4. ജില്ലാ ആശുപത്രി | : | 1189 | 9309 | 15000 | 26198 |
| | 5. ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി | : | 11932 | 12162 | 2104 | 26198 |
| | 6. ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി | : | 11334 | 7805 | 7059 | 26198 |

| ക്രമ നം. | | | കുടുംബങ്ങൾ | വ്യക്തികൾ |
|---|---|---|---|---|
| 30 | ആരോഗ്യ സ്ഥിതി | | കുടുംബങ്ങൾ | വ്യക്തികൾ |
| | 1. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | : | 17441 | 18808 |
| | 2. മാനസിക വെല്ലുവിളികൾ നേരിടുന്നവർ | : | 7704 | 8056 |
| | ആകെ | : | 25145 | 26864 |
| | 3. നിത്യ രോഗികൾ | : | 60825 | 60825 |
| 31 | പൊതുവിതരണ സംവിധാനം | | | |
| | 1. റേഷൻ കാർഡുള്ള കുടുംബങ്ങൾ | : | 4.78 ലക്ഷം | (85.67%) |
| | 2. എ.പി.എൽ. | : | 1.68 " | 35% |
| | 3. ബി.പി.എൽ | : | 3.10 " | 65% |
| | 4. റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾ | : | 0.80 " | (14.33%) |

അനുബന്ധം-II

## പ്രധാന കണ്ടെത്തലുകൾ

1. നാലു സമുദായങ്ങളും പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം ഭൂമിയുടെ അപര്യാപ്തതയാണ്. ഓരോ കുടുംബത്തിനും വളരെ കുറഞ്ഞ അളവിൽ മാത്രമേ ഭൂമി കൈവശമുള്ളു. ആണവകുടുംങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് വീടുകൾ നിർമ്മിക്കുവാൻ ഭൂമി ആവശ്യമായി വരുന്നു. കൂടാതെ കാർഷികാവശ്യങ്ങൾക്കും ഭൂമിയുടെ അളവ് പര്യാപ്തമല്ല.
2. കൃത്യവും സമഗ്രവുമല്ലാത്ത പുനരധിവാസങ്ങൾ സാമ്പത്തിക പുരോഗതിയിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നു. പഠന വിധേയമായ നാലു സമുദായങ്ങളിൽ തച്ചനാടൻമൂപ്പൻ സമുദായത്തിലെ ചില കുടുംബങ്ങൾ കാരാപ്പുഴ അണക്കെട്ട് നിർമ്മാണംമൂലവും വയനാട് കാടർ സമുദായത്തിലെ ചില കുടുംബങ്ങൾ ബാണാസുരസാഗർ അണക്കെട്ട് നിർമ്മാണം കാരണവും കുടിയൊഴിപ്പിക്കപ്പെട്ടു.
3. പട്ടയം ഇല്ലാത്ത ഭൂമി ഈ നാല് സമുദായങ്ങളിലേയും പ്രധാന പ്രശ്നമാണ്.
4. ഭൂരിഭാഗം വീടുകളും ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ അവസ്ഥയിലാണുള്ളത്.
5. ഭൂരിഭാഗം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.
6. സമുദായാംഗങ്ങൾക്കിടയിൽ വ്യക്തിഗത ശുചിമുറികളുടെ ശതമാനം ഉയർന്നിട്ടുള്ളതായി വിശകലനത്തിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
7. സങ്കേതങ്ങൾക്കനുസരിച്ച് കുടിവെള്ള സ്ത്രോതസ് വ്യത്യാസപ്പെട്ടിരിക്കുന്നു. ഏറ്റവും സാധാരണമായ സ്ത്രോതസ്സുകൾ കിണറും പൊതു ടാപ്പുകളുമാണ്. കുടിയ/മേലെക്കുടി സമുദായങ്ങൾ അവരുടെ പ്രദേശത്ത് കാണപ്പെടുന്ന 'സുരങ്ക' പോലെയുള്ള പരമ്പരാഗത ജലസ്ത്രോതസ്സുകളും ഉപയോഗിക്കുന്നു.
8. പ്രൊഫഷണൽ കോഴ്സുകളിൽ ഈ നാലു സമുദായാംഗങ്ങളുടേയും പ്രാതിനിധ്യം വളരെ കുറവാണ്.
9. സർക്കാർ ജോലിയുള്ള സമുദായാംഗങ്ങളും വിരളമാണ്.